LIBRARY ARCHIVES Kerala Legislative Assembly

തെരുവുനായ ശല്യം

153 (5505) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരുവുനായ ശല്യം നിയന്ത്രിക്കാൻ പഞ്ചായത്ത് തലത്തിൽ ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ;

(ബി) വളർത്തുനായ്ക്കൾക്ക് ലൈസൻസും സർക്കാർ ചിലവിൽ പ്രതിരോധ കുത്തിവെയ്പിനും മറ്റും സൗകര്യം ഒരുക്കുന്ന കാര്യത്തിൽ അനുകൂല നടപടി സ്വീകരിക്കുമോ ;

(സി) പേ പിടിച്ചതും അക്രമകാരികളുമായ നായ്ക്കളെ കൊന്നു കളയുവാൻ നിയമം കൊണ്ടുവരാൻ നടപടി സ്വീകരിയ്ക്കുമോ ?

ഉത്തരം

(എ) ജില്ലാ വെറ്ററിനറി ആശുപത്രിയിൽ വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വിതരണം ചെയ്യുക, മരുന്നുകൾ ആവശ്യത്തിന് ലഭ്യമാക്കുക, ABC പ്രോഗ്രാം ഫലപ്രദമായി നടത്തുന്നതിനുവേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവയാണ് പഞ്ചായത്ത് തലത്തിൽ ആസൂത്രണം ചെയ്യുന്ന പദ്ധതികൾ.

(ബി) സ്വീകരിക്കുന്നതാണ്.

(സി) നിലവിൽ ABC പ്രോഗ്രാം വഴി നായ്ക്കളുടെ വംശവർദ്ധനവ് തടയുന്നതിനുള്ള പദ്ധതികൾക്കാണ് സർക്കാർ മുൻഗണന നൽകുന്നത്.

ബഡ്ജറ്റിൽ വകയിരുത്തിയ തുക

154 (5506) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തെ ബഡ്ജറ്റിൽ തദ്ദേശസ്വയംഭരണവകുപ്പിന് വേണ്ടി വകയിരുത്തിയ തുകയെത്രയെന്നും ഏതെല്ലാം പദ്ധതികൾക്കായി എത്ര തുക വീതം വകയിരുത്തിയെന്നും വ്യക്തമാക്കാമോ :

(ബി) ഓരോ പദ്ധതിക്കും ചെലവഴിച്ച തുകയെത്രയെന്ന് പറയാമോ ;

(സി) തുക ചെലവാക്കാതെയുള്ള പദ്ധതികൾ ഉണ്ടോ എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) 2014-15 വർഷത്തെ ബഡ്ജറ്റിൽ തദ്ദേശഭരണ വകുപ്പിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉൾപ്പെടെ വകയിരുത്തിയ പദ്ധതികളുടെ അടങ്കൽ തുകയുടെയും ചെലവഴിച്ച തുകയുടെയും ചെലവുണ്ടാകാത്ത പദ്ധതികളുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കാസർഗോഡ് ജില്ലയിലെ പുതിയ പഞ്ചായത്തുകൾ

155 (5508) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ പുതുതായി എത്ര പഞ്ചായത്തുകളാണ് പ്രഖ്യാപിച്ചിട്ടുള്ളത് : ഈ പഞ്ചായത്തുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

2015 നവംബർ 1 മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം കാസർഗോഡ് ജില്ലയിൽ പരപ്പ, മാണിക്കോത്ത്, പനയാൽ, കളനാട്-ചെമ്മനാട് എന്നീ 4 പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ

156 (5509) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയർ, ഓവർസീയർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകളുണ്ട് ;

(ബി) താൽക്കാലികമായി നിയമനം നേടുന്നവർ പിന്നോക്ക ജില്ലയായ കാസർഗോഡ് വന്ന് ജോലി ചെയ്യാൻ വൈമനസ്യം കാണിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ :

(സി) കാസർഗോഡിന്റെ പ്രത്യേക പരിഗണന വച്ച് കളക്ടർ ചെയർമാൻ ആയുള്ള ഒരു കമ്മറ്റിക്കു പ്രസ്തുത തസ്തികകൾ ജില്ലയിൽ നിന്നുള്ള ഉദ്യോഗാർത്ഥികളെക്കൊണ്ട് നികത്തുന്നതിന് അനുമതി നൽകുന്നത് പരിഗണിക്കുമോ : വിശദാംശങ്ങൾ അറിയിക്കാമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.